Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 17684/E20/2020/കെ ഡബ്ല്യൂ എ

തീയതി: 01.01.2021

<u>**സർക്കുലർ**</u>

വിഷയം:- 2020-21 സാമ്പത്തിക വർഷത്തിലെ ഇൻകം ടാക്സ് ഫയലിംഗിനായി ടാക്സ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതു സംബന്ധിച്ച്

സൂചന :- 03/12/2020 - ലെ 20/2020 എന്ന നമ്പറിലുള്ള കേന്ദ്ര സർക്കാർ ഉത്തരവ്

2020-21 സാമ്പത്തിക വർഷത്തിലെ ഇൻകം ടാക്സ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. എല്ലാ ജീവനക്കാരും (GO & NGO) ഇൻകം ടാക്സ് കണക്കാക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട രേഖകൾ സഹിതം 2020 ഫെബ്രുവരി 6 നകം E20 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

1. പാൻ നമ്പർ ഇല്ലാതെ ടാക്സ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്ന, ടാക്സ് പരിധിയിൽ വരുന്ന ജീവനക്കാരിൽ നിന്നും മൊത്തം ശമ്പളത്തിന്റെ (Taxable Income) 20% വരുമാന നികുതിയായി ഈടാക്കുന്നതാണ്.
2. 2020 മാർച്ച് മാസം മുതൽ ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതുവരെ മറ്റു ഓഫീസുകളിൽ നിന്നും ട്രാൻസ്ഫർ ആയി വന്ന ജീവനക്കാർ ടി ഓഫീസിൽ നിന്നുമുള്ള **Pay Details** (Income Tax Monthly Deduction, LIC, SLI, GIS, GPAIS, DA arrear (20%), Professional Tax Receipt ഉൾപ്പെടെ) ടാക്സ് സ്റ്റേറ്റ്മെന്റിനൊപ്പം സമർപ്പിക്കേണ്ടതാണ്.
3. 2021 മാർച്ച് മാസത്തിൽ Earned Leave സറണ്ടർ ചെയ്യുന്ന ജീവനക്കാർ ടി തുക ഇൻകം ടാക്സിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.
4. 10 E ഓപ്ഷൻ തെരെഞ്ഞെടുക്കുന്ന ജീവനക്കാർ തനത് വർഷത്തെ ടാക്സ് സ്റ്റേറ്റ്മെന്റ്, കണ്ട്രോളിംഗ് ഒഫീസർ സാക്ഷ്യപ്പെടുത്തിയ Form 16 എന്നിവയുടെ പകർപ്പ് സ്റ്റേറ്റ്മെന്റിനൊപ്പം സമർപ്പിക്കേണ്ടതാണ്.
5. 2020-21 സാമ്പത്തിക വർഷത്തെ ഡിഡക്ഷനുകൾ 80C പ്രകാരം പരമാവധി - 1,50,000വും സ്റ്റാൻഡേർഡ് ഡിഡക്ഷൻ 50,000വും ചേർന്ന് ആകെ 2,00,000 ആണ്. ( NPS - 200000+50000=250000)
6. വാടക വീടുകളിൽ താമസിക്കുന്ന ജീവനക്കാർ വാടക ചീട്ട്, പ്രസ്തുത കെട്ടിടത്തിന്റെ ഇലക്ട്രിസിറ്റി ബിൽ / വെള്ളക്കരത്തിന്റെ ബിൽ, വീട്ടുടമസ്ഥന്റെ പാൻ കാർഡ് / ആധാർ കാർഡ് എന്നിവയുടെ പകർപ്പ് സ്റ്റേറ്റ്മെന്റിനൊപ്പം സമർപ്പിക്കേണ്ടതാണ്.
7. കോവിഡ് സാലറി കട്ട് ഇനത്തിൽ ശമ്പളത്തിൽ നിന്നും പിടിച്ച തുക Refundable ആയതിനാൽ Deduction - ൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല.
8. ഗാർഹിക വായ്പ എടുത്തിട്ടുള്ള ജീവനക്കാർ ലോണിന്റെ പലിശയും മുതലും ഇൻകംടാക്സ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുമ്പോൾ വീട് നിർമ്മിക്കുന്ന സ്ഥലം സ്വന്തം/പങ്കാളിയുടെ പേരിലായിരിക്കണം. ആയത് തെളിയിക്കുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, വീടിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ലോൺ നൽകിയ ബാങ്കിന്റെ പാൻ നമ്പർ എന്നിവ സ്റ്റേറ്റ്മെന്റിനൊപ്പം സമർപ്പിക്കേണ്ടതാണ്. കൂടാതെ ജോയിന്റ് ലോൺ ആണെങ്കിൽ പലിശയുടെയും മുതലിന്റെയും പകുതി മാത്രമേ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ.**( Strict Direction from Income Tax Department).**
9. 2021 ഫെബ്രുവരി മാസത്തിനു മുൻപ് ട്രാൻസ്ഫർ ആയ ജീവനക്കാർക്ക് അതുവരെയുള്ള TDS സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി ട്രാൻസ്ഫർ ആകുന്നതുവരെയുള്ള വരുമാനത്തിന്റെ ഇൻകംടാക്സ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടതാണ്.

Draft #2 of File 17684/E20/2020/KWA Approved by Accounts Officer on 01-Jan-2021 11:09 AM - Page 1

10. ട്രാൻസ്ഫർ ആയി വന്ന ജീവനക്കാരും, 2021 ഫെബ്രുവരി മാസത്തിൽ ഒറ്റത്തവണയായി ടാക്സ് ഒടുക്കുന്ന ജീവനക്കാരും PAN കാർഡിന്റെ പകർപ്പ് ടാക്സ് സ്റ്റേറ്റ്മെന്റിനൊപ്പം സമർപ്പിക്കേണ്ടതാണ്.

11. ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്ന തീയതിയും ശമ്പള ദിവസവും.

- 2021 ജനുവരി 6 മുതൽ ഫെബ്രുവരി 5 വരെ - മാർച്ച് 1.
- ഫെബ്രുവരി 07 മുതൽ 20 വരെ - മാർച്ച് 15

12. 2021 ഫെബ്രുവരി 20 നകം ഇൻകംടാക്സ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത പക്ഷം ജീവനക്കാരുടെ വരുമാന നികുതി പ്രതീക്ഷിത വരുമാന നികുതി കണക്കാക്കൽ (Anticipated Income Tax Calculation) എന്ന പ്രക്രിയയിലൂടെ കണക്കാക്കി നികുതി ഒടുക്കുന്നതാണ്. ഇത്തരം ജീവനകാർക്ക് 2021 ജൂലൈ മാസത്തിൽ നടക്കുന്ന ഇ ഫയലിംഗ് സമയത്ത് ഡിഡക്ഷനുകൾ നൽകി അധികനികുതി റിഫണ്ട് ചെയ്യാനാകും.

13 ഈ വർഷത്തെ ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുമ്പോൾ ജീവനക്കാർക്ക് 2 **ഓപ്ഷനുകളിൽ** ഉചിതമായ ഒരെണ്ണം തെരെഞ്ഞെടുക്കാൻ കഴിയും.

**ഓപ്ഷൻ A (Deductions ഉൾപ്പെടുത്താൻ കഴിയും)**

| ക്രമ നമ്പർ | നികുതി ചുമത്താവുന്ന വരുമാനം | നികുതി നിരക്ക് |
|---|---|---|
| 1 | 2,50,000 വരെ | ഇല്ല |
| 2 | 2,50,001 - 5,00,000 വരെ | 2,50,000 ന് മുകളിൽ വരുന്ന തുകയുടെ 5%. ഇവിടെ 12,500/- രൂപ റിബേറ്റ് ലഭിക്കും. |
| 3 | 5,00,001-10,00,000 വരെ | 5,00,000 ന് മുകളിൽ വരുന്ന തുകയുടെ 20% + 12,500/- |
| 4 | 10,00,000 ന് മുകളിൽ | 10,00,000 ന് മുകളിൽ വരുന്ന തുകയുടെ 30% +1,12,500/- |

**ഓപ്ഷൻ B (Deductions ഉൾപ്പെടുത്താൻ കഴിയില്ല)**

| ക്രമ നമ്പർ | നികുതി ചുമത്താവുന്ന വരുമാനം | നികുതി നിരക്ക് |
|---|---|---|
| 1 | 2,50,000 വരെ | ഇല്ല |
| 2 | 2,50,001 മുതൽ 5,00,000 വരെ | 5% |
| 3 | 5,00,001 മുതൽ 7,50,000 വരെ | 10% |
| 4 | 7,50,001മുതൽ 10,00,000 വരെ | 15% |
| 5 | 10,00,001മുതൽ 12,50,000 വരെ | 20% |
| 6 | 12,50,001മുതൽ 15,00,000 വരെ | 25% |
| 7 | 15,00,000 - ന മുകളിൽ | 30% |

***** മൊത്തം ടാക്സിന്റെ 4% സെസ്സ് ആയി ഒടുക്കേണ്ടതാണ്.

***** 2020-21 സാമ്പത്തിക വർഷത്തെ സർക്കുലർ, ടാക്സ് കണക്കാക്കുന്ന സോഫ്റ്റ് വെയർ എന്നിവ വെബ് സൈറ്റിൽ ലഭ്യമാണ്.

*NPS-ൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ പ്രതിമാസ NPS വിഹിതം നൽകിയ ശേഷം അതിൻറെ ആകെ വാർഷിക തുക കണക്കാക്കി Tax Relief Tab -ൽ NPS Employer Contribution എന്ന സ്ഥലത്ത് ഇതേ തുക നൽകി ഇളവ് നേടുക.

*എല്ലാ കൺ ട്രോളിംഗ് ഓഫീസർമാരും അവരുടെ അധികാര പരിധിയിൽ വരുന്ന മുഴുവൻ ജീവനക്കാർക്കും ഈ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള Anticipatory Income Tax Calculation statement 2021 മാർച്ച് 31 നകം സമർപ്പിക്കേണ്ടതാണ്.

Nisha B V
അക്കൗണ്ട്സ് ഓഫീസർ

സ്വീകർത്താവ്

PA TO MD/PA TO AM/PA TO TM/CA TO CE(HRD&GL)/CA TO DCE(GL)/CA TO Sr.AO/FM&CAO/AO(ADMIN)/SS II/JS I/JS(ACTS)/TRAINING CENTRE/WORKS NORTH/IT UNIT/IA WING/PENSION&PAY SLIP/PENSION CELL/ACCOUNTS/FUNDS/GPF Sn./SP UNIT/RMC/LEGAL Sn./VIGILANCE CELL/WORKS SOUTH/NRWMU/TM's UNIT/MD'S UNIT/TAW/SECRETARY's UNIT/CLO/VIGILANCE Sn./GENERAL Sn./DBA/FAIR COPY Sn.

Draft #2 of File 17684/E20/2020/KWA Approved by Accounts Officer on 01-Jan-2021 11:09 AM - Page 2

The document is digitally approved. Hence signature is not needed.